LIBRARY ARCHIVES Kerala Legislative Assembly

ചാത്തങ്കോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി

77(2278) ശ്രീ. ഇ. കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ ചാത്തൻങ്കോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിക്കായി ബഡ്ജറ്റിൽ എന്നാണ് തുക വകയിരുത്തിയത്;

(ബി) പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ എത്രപ്രാവശ്യം തുക റിവൈസ് ചെയ്തിട്ടുണ്ട്;

(സി) പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നവർക്ക് എതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2010 മുതൽ നിർമ്മാണ ആവശ്യാർത്ഥം തുക വകയിരുത്തിയിട്ടുണ്ട്.

(ബി) 2010-15 വരെയുള്ള ബഡ്ജറ്റിൽ അതാത് കൊല്ലത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആനുപാതികമായ തുകയാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാറുള്ളത്.

(സി&ഡി) ഉണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുണ്ടായ കാലതാമസവും തുടർന്നുണ്ടായ കരാർ സംബന്ധമായ വിഷയങ്ങളും കാരണം പദ്ധതി പൂർത്തീകരണത്തിന് താമസം നേരിട്ടിട്ടുണ്ട്.

(ഇ) മേൽ സൂചിപ്പിച്ച കാരണങ്ങൾ ഏതെങ്കിലും പ്രത്യേക വ്യക്തിയോ ഏജൻസിയോ വരുത്തിത്തീർത്ത കാലതാമസമല്ലാത്തതിനാൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിക്കുന്നത് പ്രായോഗികമല്ല.

വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടവർ

78(2279) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വൈദ്യുതി ലൈനുകൾ, ഡൊമസ്റ്റിക് കണക്ഷൻ നെറ്റ് വർക്ക് കേബിളുകൾ എന്നിവയിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടവർ ആകെ എത്ര ; ഇതിൽ വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥർ, താല്ക്കാലിക ജീവനക്കാർ, കരാർ തൊഴിലാളികൾ, സാധാരണക്കാർ എത്ര വീതമെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ; ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് എന്തൊക്കെ സഹായങ്ങൾ നലകി; വ്യക്തമാക്കുമോ ;

(ബി) ഇക്കാലയളവിനുള്ളിൽ വൈദ്യുതി ലൈൻ പൊട്ടിവീണതുമൂലവും ലൈനുകൾക്കിടയിൽ ചെന്നുപെട്ടതുമൂലവും കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലവും മരണപ്പെട്ട കന്നുകാലികൾ, വന്യമൃഗങ്ങൾ എന്നിവ എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ കൃത്യവിലോപം നടത്തിയ എത്ര കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചുവെന്നും എപ്രകാരമുള്ള നടപടിയെന്നും അവർ ആരൊക്കെയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മരണപ്പെട്ടവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വൈദ്യുതി വകുപ്പ്	
സ്ഥിരം ജീവനക്കാർ	55
കരാർ തൊഴിലാളികൾ	62
പൊതുജനങ്ങൾ	751
ആകെ	868

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനുകീഴിൽ ജോലി ചെയ്യവെ മരണപ്പെട്ട വൈദ്യുതി വകുപ്പ് സ്ഥിരം ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവരുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾക്കുവിധേയമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്ന് ബോർഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും നൽകിയ ധനസഹായങ്ങളുടെയും ഇതര സഹായങ്ങളുടെയും (മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്, ഇലക്ട്രിസിറ്റി ബോർഡ് തൊഴിലാളി ക്ഷേമനിധി) വിശദാംശങ്ങൾ അനുബന്ധം-1, 2 * ആയി ചേർത്തിട്ടുണ്ട്. മേൽ സൂചിപ്പിച്ച ധനസഹായങ്ങൾക്ക് ഉപരിയായി മരണപ്പെട്ട ബോർഡ് ജീവനക്കാരുടെ ആശ്രിതർക്ക് കേരള സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം 10 ലക്ഷം രൂപ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽനിന്നും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതിന് അർഹതയുണ്ട്. വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട 751 പൊതുജനങ്ങളിൽ ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്ന് വൈദ്യുതാഘാതത്താൽ മരണപ്പെട്ടതായ 158 പേരുടെ അനന്തരാവകാശികൾക്ക് ആശ്വാസ ധനസഹായമായി 1,97,50,000 രൂപ (ഒരു കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും അനുവദിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 164 കന്നുകാലികളും 2 വന്യമൃഗങ്ങളും വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം അപകടങ്ങൾ സംഭവിച്ചതിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ജീവനക്കാരുടെ ഭാഗത്ത് അനാസ്ഥയുണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) ഉല്പാദന-പ്രസരണ-വിതരണ വിഭാഗങ്ങളിലെ വിവിധ അച്ചടക്ക അധികാരികളുടെ കാര്യാലയങ്ങളിൽനിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം കൃത്യവിലോപത്തിന് നടപടി സ്വീകരിച്ച ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-3 * ആയി ചേർക്കുന്നു.

ഊർജ്ജോല്പാദനവും സംരക്ഷണവും

79(2280) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജോൽപ്പാദനത്തിനും സംരക്ഷണത്തിനുമായി എന്തെല്ലാം നൂതന പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

നൂതന സൗരോർജ്ജ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി വൈദ്യുതി ബോർഡിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഊർജ്ജ സംരക്ഷണ വിഭാഗം (എസ്കോട്ട്)

   എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം എന്ന ഒരു വിഭാഗം 1-8-2013-ൽ രൂപീകരിച്ചു.

2. എനർജി ഓഡിറ്റിംഗ്

   ഉപഭോക്താക്കളുടെ സ്ഥലത്ത് എനർജി ഓഡിറ്റ് നടത്തി അവർക്കു വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി ഊർജ്ജ ഉപഭോഗവും ഊർജ്ജ നഷ്ടവും കുറയ്ക്കുന്നു.

3. ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകൾ (DSM Cells)

   കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സബ് ഡിവിഷനുകൾ കേന്ദ്രീകരിച്ച് എല്ലാ വിഭാഗം ഉപഭോക്താക്കൾക്കിടയിലും ഊർജ്ജ സംരക്ഷണ ബോധവത്കരണം നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly